Youth Day

# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153

**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630

August 17, 2008, Vol. 3, Issue 47

All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm






## രോഗീപരിചരണ ശുശ്രൂഷയെക്കുറിച്ച് പ്രത്യേക ധ്യാനം

**Fr. Joy Cheradiyil (Chittoor Retreat Center) —>**

**<— Fr. Sebastian Vechookarottu (Emmanuel Love Community, Kanjirappally)**

നമ്മുടെ ഇടവകയിൽ ഇദംപ്രഥമമായി നമ്മുടെ ആവശ്യപ്രകാരം രോഗീപരിചരണ രംഗത്തുള്ളവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മറ്റെല്ലാവർക്കും വേണ്ടി രോഗീശുശ്രൂഷയുമായി ബന്ധപ്പെടുത്തി മൂന്നു ദിവസത്തെ ധ്യാനം നടത്തുന്നു. കേരളത്തിലെ പ്രശസ്ത ധ്യാനകേന്ദ്രങ്ങളിൽനിന്നെത്തുന്ന വൈദികർ നയിക്കുന്ന ഈ ധ്യാനത്തിൽ പുതു പ്രചോദനം ലഭിക്കുവാനും ഈശോയുടെ രോഗശാന്തി ശുശ്രൂഷയും തങ്ങളുടെ പ്രൊഫഷനുമായി ബന്ധപ്പെടുത്തി ധ്യാനിക്കുവാനും നല്ല വേദിയൊരുക്കുന്നു. മറ്റുള്ളവർക്കും ഈ ധ്യാനം പ്രയോജനപ്പെടുത്താവുന്നതാണ്.

**പ്രോഗ്രാം**

ആഗസ്റ്റ് 22 വെള്ളി വൈകുന്നേരം 6:30 മുതൽ 9:30 വരെ

ആഗസ്റ്റ് 23, 24 ശനിയും ഞായറും രാവിലെ 10:00 മുതൽ വൈകുന്നേരം 5:00 വരെ.

# മേവുഡ് പള്ളി പുതിയ ക്നാനായ ഇടവകകൾക്ക് മാതൃകയും പ്രചോദനവും

***ഷിക്കാഗോ ക്നാനായ കാത്തലിക് മിഷന്റെ രജത ജൂബിലി കുർബ്ബാനയിൽ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് ചെയ്ത പ്രസംഗത്തിൽനിന്ന്:***

ഇന്ന് ഈ ദൈവാലയത്തിൽ നമ്മൾ ഒന്നിച്ചു കൂടിയിരിക്കുമ്പോൾ നമ്മുടെ എല്ലാവരുടെയും മനസ്സുകളിൽ നിറഞ്ഞു നില്ക്കുന്ന വികാരം കൃതജ്ഞതയാണ്. കാരണം നാം ഇവിടുത്തെ മിഷന്റെ രജത ജൂബിലി ആഘോഷിക്കുകയാണ്. ഈ അവസരത്തിൽ, അമേരിക്കയിലേയ്ക്കു കടന്നുവന്ന സാഹചര്യങ്ങളിൽ നമ്മെ കൈപിടിച്ചു നടത്തിയ ദൈവത്തിന്റെ വാത്സല്യവും പൂർവ്വികരുടെ സ്നേഹവും, പഴയ നിയമത്തിലെ പിതാക്കന്മാരെപ്പോലെ, നാം നന്ദിയോടെ സ്മരിക്കണം. ആദ്യകാലങ്ങളിൽ കടന്നുവന്നവർക്ക് മറ്റു സഹോദരങ്ങളോടുണ്ടായിരുന്ന ആഴമേറിയ ആത്മ ബന്ധവും, അവർക്കുവേണ്ടി അദ്ധ്വാനിക്കുവാനുള്ള സന്മനസ്സും, സഹോദരങ്ങളുടെ വളർച്ചയ്ക്കായി തങ്ങളുടെ സമ്പാദ്യം പങ്കിടുവാനുള്ള ഔദാര്യവുമല്ലേ നമ്മെ നാമായിരിക്കുന്ന നിലയിൽ എത്തിച്ചത്?

അങ്ങനെയെങ്കിൽ ആ ഔദാര്യവും മനോഭാവവും നമ്മുടെ ഹൃദയങ്ങളിലും പൂത്തുലഞ്ഞു നില്ക്കുന്ന ശിഖരങ്ങളായി ജൂബിലി മാറുമ്പോൾ നമുക്ക് പുതിയൊരു ചൈതന്യം ഉണ്ടാകുന്നു; സാഹോദര്യത്തിന്റെ ശക്തമായ ബന്ധങ്ങൾ വളർന്നു വരുന്നു; ഹൃദയ ഐക്യം സുദൃഢമാകുന്നു. അങ്ങനെ നാം പുത്തൻ ഉണർവ്വോടുകൂടി പുതിയ ജനമായി ഏക മനസ്സും ഹൃദയവുമുള്ള സമൂഹമായി കർത്താവിന്റെ കരം പിടിച്ച് മുന്നോട്ടുപോകുവാൻ കരുത്തുള്ളവരായി മാറുന്നു. അതിനുള്ള അവസരമായി ഈ ജൂബിലി മാറിയാൽ മാത്രമേ ഈ ആഘോഷങ്ങൾ അർത്ഥപൂർണ്ണമാകൂ. നമുക്കുള്ള ദൗത്യം, ഇനി വരുന്നവരെയും, ഇപ്പോൾ ഇവിടുള്ളവരെയും കൈപിടിച്ചു മുന്നോട്ടു നയിക്കുകയാണ്. അതിനു നമ്മെത്തന്നെ ഒരുക്കുമ്പോഴാണ് ഈ ജൂബിലി ആചരണം അർത്ഥപൂർണ്ണമാകുന്നത്. ഈ പങ്കുവയ്ക്കൽ നമ്മുടെ വലിയ



ആർച്ചുബിഷപ്പ്
മാർ മാത്യു മൂലക്കാട്ട്

പൈതൃകത്തിന്റെ ഭാഗവുമാണ്.

വളരെയേറെ നന്ദിയോടെ നമുക്ക് ദൈവ സന്നിധിയിൽ നില്ക്കുവാൻ സാധിക്കും. കാരണം, വടക്കേ അമേരിക്കയിൽ സീറോ-മലബാർ സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കുവാൻ നമുക്കു സാധിച്ചു. അതിനു പ്രധാന കാരണം ക്നാനായ സമുദായത്തിലെ ആളുകൾക്ക് ഉണ്ടായിരുന്ന ഹൃദയ ബന്ധങ്ങളാണ്. അതുകൊണ്ടാണ് നമുക്കു നമ്മുടെ വൈദികരുണ്ടാകണം പൈതൃകം നിലനിർത്തണം എന്ന ആഗ്രഹം നമ്മുടെ ആളുകളുടെ മനസ്സിൽ ജ്വലിച്ചു നിന്നത്. അതിന്റെ പുതിയ തുടക്കമായിട്ടാണ് 25 വർഷങ്ങൾക്കു മുൻപ് കുന്നശ്ശേരി പിതാവ് ചൊള്ളമ്പേലച്ചനെ ഇങ്ങോട്ടയച്ചത്. അത് വലിയ വളർച്ചയുടെ ചെറിയ തുടക്കമായിരുന്നുവെന്ന് ഇന്നു നമുക്ക് കാണുവാൻ സാധിക്കും. ഒരു പക്ഷേ അന്ന് അതിന്റെ വ്യാപ്തി പലർക്കും മനസ്സിലാക്കുവാൻ സാധിച്ചില്ലെങ്കിൽ പോലും ഇന്നു നമുക്ക് പറയുവാൻ സാധിക്കും അത് വലിയ വളർച്ചയുടെ അടിസ്ഥാനമായിരുന്നുവെന്ന്. അവിടെനിന്ന് നമ്മൾ വളരുകയായിരുന്നു; സഭ വളരുകയായിരുന്നു,

സഭാ വളർച്ചയുടെ ഓരോ ഘട്ടത്തിലും നന്മയുടെ പ്രകാശിത പങ്കാളികളാകുവാൻ നമുക്കു സാധിച്ചു. അതിനു നമുക്ക് നമ്മുടെ പിതാക്കന്മാരോട് നന്ദിയുള്ളവരായിരിക്കാം. ബഹുമാനപ്പെട്ട വൈദികർ വിവിധ സാഹചര്യങ്ങളിൽ തങ്ങൾക്കു നല്കപ്പെട്ട ദൗത്യം ധീരതയോടെ നിർവ്വഹിച്ചു മുന്നോട്ടു പോയതിന്റെ ഫലമായി നമുക്കു പലതും നേടുവാൻ സാധിച്ചു.

വൈദികർ ഇവിടേയ്ക്കു വരുവാനായി മുൻകൈ എടുത്തത് ഇവിടെയുണ്ടായിരുന്ന അല്മായ അസ്സോസിയേഷനുകളായിരുന്നു. അവരുടെ പ്രതീക്ഷകൾക്കനുസരണമായി വൈദികർ ഉണർന്നു പ്രവർത്തിച്ചുകൊണ്ട് വളർച്ചയിൽനിന്നു വളർച്ചയി

(Continued on page 4)

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**
**(Schools are now closed for summer.**
**Will reopen in September).**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

August 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | | | | | | |

# Schedule of Events

**SATURDAY, AUGUST 16, 2008**
Holy Mass and Novena at 10:00 A.M.

**SUNDAY, AUGUST 17, 2008**
**ഏലിയാ ശ്ലീവാ മോശ കാലങ്ങൾ ആരംഭിക്കുന്നു.**

**Youth Day Observance.**
Holy Mass at 10:00 A.M.

Mass at OLV at 5:30 P.M.

**THURSDAY, AUGUST 21, 2008**
**Feast Day of St. Pius X**
**വിശുദ്ധ പത്താം പിയൂസിന്റെ തിരുന്നാൾ ദിവസം**

Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, AUGUST 22, 2008**
**Special Retreat with focus on Health Care Ministry staring with Holy Mass at 6:30 P.M.**
Fr. Joy Cheradiyil (Chittoor Retreat Center) and
Fr. Sebastian Vechookarottu (Emmanuel Love Community, Knajirappally
**രോഗീ ശുശ്രൂഷയ്ക്കു പ്രാധാന്യം നല്കിയുള്ള പ്രത്യേക ധ്യാനം വൈകുന്നേരം 6:30ന് ദിവ്യബലിയോടെ അരംഭിക്കുന്നു.**

**SATURDAY, AUGUST 23, 2008**
**ധ്യാനം 10:00 മണിക്കുള്ള കുർബ്ബാനയോടെ ആരംഭിച്ച് വൈകുന്നേരം 5:00 വരെ.**

Holy Mass and Novena at 10:00 A.M.
Special Retreat with emphasis on Health Care Ministry from 10:00 A.M. to 5:00 P.M.

**SUNDAY, AUGUST 24, 2008**
**ധ്യാനം 10:00 മണിക്കുള്ള കുർബ്ബാനയോടെ ആരംഭിച്ച് വൈകുന്നേരം 5:00 വരെ.**

Holy Mass at 10:00 A.M.
**Religious Education Teachers Training at Maywood for Sacred Heart School from 11:30 A.M. by Sr. Judith from the Archdiocese of Chicago.**
Mass at OLV at 5:30 P.M.

**THURSDAY, AUGUST 28, 2008**
**Feast Day of St. Augustine**
**വിശുദ്ധ ആഗസ്തീനോസിന്റെ തിരുന്നാൾ ദിവസം**

Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, AUGUST 29, 2008**
**Koodarayogam Anniversary camping at Indiana Beach Amusement Resort, 5224 E. Indiana Beach Rd., Monticello, IN 47960 starting at 6:30 P.M.**
Holy Mass at 7:00 P.M.

**SATURDAY, AUGUST 30, 2008**
**Koodarayogam Anniversary camping continues at Indiana Beach.**
Holy Mass and Novena at 10:00 A.M.
**Religious Education Teachers Training at Community Center for St. Mary's School from 11:00 A.M. by Sr. Judith from the Archdiocese of Chicago.**

**SUNDAY, AUGUST 31, 2008**
**Koodarayogam Anniversary ends in the morning.**
Holy Mass at 10:00 A.M.
Mass at OLV at 5:30 P.M.



# വികാരിയുടെ യുവജനദിന സന്ദേശം

## കാൽ നൂറ്റാണ്ടിന്റെ ചേരിപ്പോരിൽ നഷ്ടപ്പെട്ട യുവതലമുറ

എന്റെ പ്രിയ സഹോദരങ്ങളേ,

മേവുഡ് പള്ളിയിൽ വേദപാഠം പഠിക്കുന്ന ഏതാനും കുട്ടികളോടു ഞാൻ ചോദിച്ചു: "നിങ്ങൾ വളർന്ന വലുതാകുമ്പോൾ നിങ്ങളുടെ വിവാഹം ഏതു പള്ളിയിൽ നടത്താനാവും നിങ്ങൾ ആഗ്രഹിക്കുക?" ഒട്ടും സംശയിക്കാതെ അവർ മറുപടി പറഞ്ഞു: "ഔവർ മേവുഡ് ചർച്ച്." സ്വന്തം ഇടവക പള്ളി, അതെത്ര ചെറുതാണെങ്കിലും, അതിനെ സ്നേഹിക്കുകയും അതിൽ അഭിമാനം കൊള്ളുകയും അതിൽ തങ്ങളുടെ ആത്മീയ കാര്യങ്ങളെല്ലാം നടക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു പുതു തലമുറ വളർന്നു വരുന്നതിൽ നമുക്ക് അഭിമാനിക്കാം, ദൈവത്തിനു നന്ദി അർപ്പിക്കാം.

എന്നാൽ അതേ സമയം എന്നെ വേദനിപ്പിക്കുന്ന മറ്റൊരു കാര്യം മേല്പറഞ്ഞ കുട്ടികൾ എന്നോടു പങ്കുവച്ചു. തങ്ങൾക്കു ദൈവം ഒരുക്കിയ മേവുഡ് പള്ളിയിൽ വരുവാൻ കൊതിക്കുന്ന അവരുടെ കൂട്ടുകാരുണ്ട്. സ്വന്തം ഇടവകയിലെ യുവജന പരിശീലനത്തിൽ പങ്കാളികളാകുവാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കളുണ്ട്. എന്നാൽ സാമുദായിക രാഷ്ട്രീയ പ്രേരണയാൽ അവരുടെ പിതാക്കന്മാർ ആ അഭിലാഷത്തിനും മത സ്വാതന്ത്ര്യത്തിനും നിഷ്ഠുരണം തടയിടുന്നതിനാൽ അവർക്കു വരുവാൻ പറ്റുന്നില്ല. കുട്ടികൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുക; അവരെ നിങ്ങൾ തടയരുത് എന്ന് ഈശോ ഇന്നും നമ്മോടു പറയുന്നത് അവഗണിക്കരുത്. നാളെ ഇതേക്കുറിച്ചു നാം പശ്ചാത്തപിക്കുവാൻ ഇടവന്നേക്കാം.

കേരളത്തിൽനിന്ന് അമേരിക്കയിൽ കുടിയേറിയ നമ്മുടെ ആളുകളുടെ ഏറ്റവും വലിയ സ്വപ്നമാണ് തങ്ങളുടെ മക്കളുടെ നല്ല ഭാവി. അവരെ സൽസ്വഭാവികളായി വളർത്തുവാനും അമേരിക്കൻ കുട്ടികളുടെ തെറ്റായ പ്രവണതകളിൽനിന്ന് ഒട്ടേറെ വിമുക്തരാക്കുവാനും, കുറേ പേരെയെങ്കിലും സമുദായത്തിൽ നിന്നു വിവാഹം കഴിപ്പിക്കുവാനും കഴിയുന്നുവെന്നത് അഭിനന്ദനാർഹമാണ്. നമ്മുടെ മാതൃകാ കുടുംബങ്ങളും അല്മായ സംഘടനകളും അവയുടെ പോഷക സംഘടനകളും ഇക്കാര്യത്തിൽ ചെയ്ത പങ്ക് പ്രശംസനീയമാണ്.

മിഷനുകളിലെ അംഗത്വത്തിൽ വംശശുദ്ധി നിലനിർത്തുവാനുള്ള നമ്മുടെ കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്തെ നിരന്തര ചേരിപ്പോരിൽ നാം ഉദ്ദേശിച്ചതു നേടുവാൻ ഇടയാക്കിയില്ലെന്നു മാത്രമല്ല ആ കാലഘട്ടത്തിൽ വളർന്നുവന്ന തലമുറകൾക്ക് നമ്മുടേതായ സഭാ പരിശീലനം നാം നഷ്ടമാക്കി. അതിനാൽ സാമുദായികമായി അതു വരുത്തി തീർത്ത നഷ്ടം നികത്താനാവാത്തതാണ്. അതെങ്ങനെ പരിഹരിക്കാനാകുമെന്ന് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

പള്ളി സംവിധാനത്തിലൂടെ വാരാന്ത്യത്തിൽ നമ്മുടെ കുട്ടികളെ ഒന്നിച്ചു കൂട്ടുവാൻ കഴിയാതിരുന്നതിനാൽ ഒട്ടനവധി യുവജനങ്ങൾ സാമുദായിക സഹവർത്തിത്വത്തിന്റെ വില മനസ്സിലാക്കു വാനാകാതെ സമുദായം മാറി വിവാഹം ചെയ്ത് ലത്തീൻ പള്ളികളിൽ ചേക്കേറി. സമുദായത്തിൽ നിന്നുതന്നെ വിവാഹിതരായ ചിലരാകട്ടെ മാതാപിതാക്കളുടെ ഇംഗിതത്തിനനുസരിച്ച് സ്വസമുദായത്തിൽ നിന്നു വിവാഹിതരായെന്നല്ലാതെ ഇടവകയുടെയോ സംഘടനയുടെയോ പ്രവർത്തനങ്ങളിൽ തല്പരരാകാതെ ലത്തീൻ പള്ളികളിൽ അത്യാവശ്യ കാര്യങ്ങൾ നടത്തി തങ്ങളുടേതായ ശൈലിയിൽ ജീവിക്കുന്നു. അതുവഴി സാമുദായിക കൂട്ടായ്മയിൽ നമുക്കു നഷ്ടമാകുന്നത് അവരെ മാത്രമല്ല, അവരിലൂടെ ഉണ്ടാകുന്ന വരും തലമുറകളുടെ വലിയ ശാഖകളെയാണ്.

നഷ്ടപ്പെടുത്തിയ 25 വർഷങ്ങളെപ്പറ്റി പരിതപിച്ചിട്ട് ഇനി ഒന്നും നേടാനില്ല. എന്നാൽ അതിൽനിന്നു ഗുണപാഠമുൾക്കൊണ്ട് പുത്തൻ തീരുമാനങ്ങളുമായി നാം മുന്നേറണം. ഷിക്കാഗോയിലെ പകുതി ക്നാനായക്കാർക്കേ ഇന്ന് ഇടവക പള്ളിയുടെ ഗുണം ലഭിക്കുന്നുള്ളു. ഷിക്കാഗോ ഉൾപ്പെടെ വടക്കേ അമേരിക്കയിലെ ബാക്കി ക്നാനായക്കാരെല്ലാം എത്രയും വേഗം ഉണർന്നു പ്രവർത്തിക്കണം. സാമുദായികവും സംഘടനാപരവുമായ ചേരിപ്പോരുകളിലൂടെ നഷ്ടപ്പെടുത്തിയ അവസരങ്ങൾക്കു പകരം സ്വന്തം ഇടവകകൾ തീർത്ത് ഇപ്പോൾ നമ്മുടെ നിയന്ത്രണത്തിലുള്ള കുട്ടികൾക്കെങ്കിലും സ്വന്തം പള്ളിയിൽ വിശ്വാസ പരിശീലനം നല്കണം.

മേവുഡ് പള്ളി മാതൃകാ ഇടവകയായി നമ്മുടെ പിതാക്കന്മാരായ മാർ മാത്യു മൂലക്കാട്ട്, മാർ ജേക്കബ് അങ്ങാടിയാത്ത്, മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവർ എടുത്തു കാട്ടുവാൻ ഇടയായതിൽ നമുക്കു ദൈവത്തോടു നന്ദി പറയാം. അതേ സാഹചര്യം നമ്മുടെ മറ്റു ക്നാനായ സഹോദരങ്ങൾക്കും അവരുടെ മക്കൾക്കും ഉണ്ടായെങ്കിലേ നമ്മുടെ സമുദായം ഈ പ്രവാസി നാട്ടിൽ തഴച്ചു വളരു. അതിനായി നമുക്ക് ഉണർന്നു പ്രവർത്തിക്കാം; പരസ്പരം പ്രോത്സാഹനവും സഹായവും നല്കാം. ഈ യുവജന ദിനാചരണം അതിനു നമുക്കു പ്രചോദനമേകട്ടെ.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം



കാൽനൂറ്റാണ്ടു കെട്ടിയിട്ടു
തുഴഞ്ഞ വഞ്ചിയെ അഴിച്ചുവിട്ടു
തുഴഞ്ഞാൽ പോരാ;
സ്പീഡുബോട്ടുതന്നെ ഉപയോഗിക്കണം.

## REL. EDUCATION TEACHERS'TRAINING

There will be mandatory Religious Education Teachers' Training Program for both schools as follows:

**Sacred Heart:** Sunday August 24th at 11:30 A.M. at Maywood Parish Hal.
**St. Mary's:** Saturday August 30th at 11:00 A.M. at KCS Community Center.

*(Continued from page 1)*

ലേയ്ക്കു നീങ്ങുവാൻ നമുക്കു സാധിച്ചതിൽ ദൈവത്തിനു നന്ദി പറയാം. ഇതിനായി പ്രവർത്തിച്ച വൈദികരെ ബഹുമാനപ്പെട്ട മുത്തോലത്തച്ചൻ ഇവിടെ അനുസ്മരിക്കുകയുണ്ടായി. അവരെ ഹൃദയപൂർവ്വം ദൈവത്തിനു സമർപ്പിച്ച് നമുക്കു പ്രാർത്ഥിക്കാം.

വിജ്ഞാന വിസ്ഫോടനത്തെപ്പറ്റി പറയുന്ന ഒരു കാര്യമുണ്ട്: കഴിഞ്ഞ 20 നൂറ്റാണ്ടുകൾകൊണ്ട് ഉണ്ടായ വിജ്ഞാന വിസ്ഫോടനത്തേക്കാൾ കൂടുതലാണ് കഴിഞ്ഞ 10 വർഷംകൊണ്ട് ഉണ്ടായ വിജ്ഞാന വളർച്ച. ഏതാണ്ട് അതുപോലെ, 25 വർഷത്തെ ജൂബിലി ആഘോഷിക്കുന്ന ഷിക്കാഗോയിലെ ക്നാനായ സമുദായത്തെ സംബന്ധിച്ചിടത്തോളം അതിന്റെ വളർച്ചയിൽ എടുത്തു പറയാവുന്ന വലിയ നേട്ടമാണ് ഈ ഇടവക ദൈവാലയം. ഈ പള്ളി സ്ഥാപിതമായത് ഏതു പ്രതികൂല സാഹചര്യങ്ങളുടെ മദ്ധ്യത്തിലാണെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ കാരണവന്മാർ പറയും "തീയിൽ കുരുത്തത് വെയിലത്തു വാടില്ല" എന്ന്. അതു തന്നെയാണ് ഈ ഇടവകയെക്കുറിച്ച് നമുക്കു പറയാവുന്ന വലിയൊരു കാര്യം. പ്രതികൂല സാഹചര്യത്തിലും തളരാതെ ധൈര്യപൂർവ്വം അവസരോചിതമായി ഉയർന്ന്, നമുക്ക് സ്വന്തമായൊരു ദൈവാലയം ഉണ്ടാകണമെന്ന ആഗ്രഹത്തോടുകൂടി പ്രവർത്തിച്ച അനേകം ആളുകളുടെ ആഗ്രഹവും അഭിലാഷവും ഈ ഇടവകയ്ക്കു ജന്മം നല്കിയെങ്കിൽ, അഭിവന്ദ്യ അങ്ങാടിയാത്തു പിതാവിന്റെ താല്പര്യം പ്രത്യേക സഹായമായി വർത്തിച്ചുവെന്നുള്ളത് നാം ഈ അവസരത്തിൽ കൃതജ്ഞതയോടെ അനുസ്മരിക്കേണ്ടതാണ്. ഈ ഇടവക ദൈവാലയം സ്ഥാപിതമായതോടുകൂടി അമേരിക്കയിലുള്ള ക്നാനായ മക്കൾക്കെല്ലാം മാർഗ്ഗദീപമാകുമാറ് വളർന്നുവരുവാൻ ക്നാനായ സമൂഹത്തിനു സാധിച്ചു എന്നത് ആർക്കും നിഷേധിക്കാനാവാത്ത വസ്തുതയാണ്.

അഭിവന്ദ്യ അങ്ങാടിയാത്തു പിതാവുതന്നെ പലപ്പോഴും പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്, ഇത്തവണ കെ.സി.സി.എൻ.എ. കൺവെൻഷന്റെ അവസരത്തിലും പിതാവു പറയുകയുണ്ടായി, ഷിക്കാഗോയിലെ ഈ ഇടവക ദൈവാലയത്തിന്റെ വളർച്ചയെപ്പറ്റി; ഇവിടെയുണ്ടാകുന്ന നന്മകളെപ്പറ്റി. തീർച്ചയായും ഈ അവസരത്തിൽ ദൈവത്തിനു നന്ദി പറയുന്നതിനോടൊപ്പം ഈ ഇടവകയുടെ വളർച്ചയിൽ നിർണ്ണായക പങ്കു വഹിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട മുത്തോലത്തച്ചനെ സ്നേഹപൂർവ്വം ഞാൻ അനുസ്മരിക്കുകയാണ്. കാരണം ഈ ഇടവക ദൈവാലയത്തെ അതിന്റെ നന്മയിലേയ്ക്ക് ഉയരുവാനായി അച്ചൻ നല്കുന്ന നേതൃത്വം അത്ര പ്രശംസനീയമാണ്. അതു ഫലദായകമായത് നിങ്ങളുടെ എല്ലാവരുടെയും സഹകരണത്തോടുകൂടിയാണ്. അതിനു യാതൊരു സംശയവുമില്ല. വൈദികർ തങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ അഭിവൃദ്ധിക്കായി പ്രവർത്തിക്കുകയും പരിശ്രമിക്കുകയും ചെയ്യുമ്പോൾ അവരോടു ചേർന്നുനിന്നുകൊണ്ട് ദൈവജനം നന്ദി പറയുമ്പോഴാണ് ഇടവക ജനങ്ങൾക്കു വളർച്ചയുണ്ടാകുന്നത്.

ഇത് ഒറ്റപ്പെട്ട സംഭവമല്ലെന്നു നമുക്കറിയാം. നമ്മുടെ സമൂഹം ഉയർച്ചയുടെ പാതയിൽ നിരന്തരം സഞ്ചരിക്കുന്ന സമൂഹമാണ്. ഈ കുടിയേറ്റ മാർഗ്ഗങ്ങളിലെല്ലാം ദൈവജനത്തിനു ശക്തിയും ആവേശവും പകർന്നുകൊണ്ട് അവരോടുകൂടി അദ്ധ്വാനിച്ച വൈദികരുടെ നേതൃത്വം ഈ ജനത്തിനു നല്കിയിട്ടുള്ള വളർച്ചയുടെ വലിയ പങ്ക് അനുഭവിക്കുന്നവരാണ് നാമെല്ലാവരും. അതിന്റെ ഏറ്റവും വലിയ ഉദാഹരണമായിട്ടാണ് ഈ ഇടവകയെ ഞാൻ കാണുന്നത്. ഈ ഇടവക ഷിക്കാഗോയിലുള്ള ക്നാനായക്കാർക്കു മാത്രമല്ല, വടക്കേ അമേരിക്കയിലെ എല്ലാ ക്നാനായക്കാർക്കും അഭിമാനിക്കാവുന്ന വലിയ മാതൃകയായിട്ട് വളർന്നുകൊണ്ടിരിക്കുകയാണ്.

സ്നേഹമുള്ളവരേ, കഴിഞ്ഞ വളരെയേറെ വർഷങ്ങളിലെ അദ്ധ്വാനത്തിന്റെയും പ്രയത്നത്തിന്റെയും ഫലമായിട്ട് നമുക്കു നേടുവാൻ സാധിച്ചതിനേക്കാൾ എത്രയോ ഏറെയാണ് ചുരുങ്ങിയ കാലയളവിനുള്ളിൽ ഈ ഇടവക സ്ഥാപനത്തിലൂടെ ദൈവം നമുക്കു നല്കിയിട്ടുള്ളത്. വിശുദ്ധ പൗലോസ് അപ്പസ്തോലനോടൊപ്പം നമുക്കും പറയുവാൻ സാധിക്കണം നാം എന്തായിരിക്കുന്നുവോ അതു ദൈവ കൃപയാലാണെന്ന്. നമ്മുടെ ഇടവകയ്ക്ക് ഉണ്ടായ വളർച്ച, നമ്മുടെ സമൂഹത്തിൽ ഉണ്ടായ നന്മ, ഇതെല്ലാം ദൈവകൃപയാൽ ലഭിച്ചതാണ്. അതുകൊണ്ട് ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ നമുക്ക് വിനയാന്വിതരായി ദൈവത്തിനു നന്ദി പറയാം. അതോടൊപ്പം ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് മുന്നോട്ടു പോകുവാൻ പരിശ്രമിക്കുകയും ചെയ്യാം.

സഭയുടെ തണലിൽ, സഭയോടു ചേർന്നു നിന്നുകൊണ്ട്, വൈദികരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട്, ദൈവജനം ഒറ്റക്കെട്ടായി നന്മയ്ക്കായി പരിശ്രമിക്കുമ്പോൾ അർഹിക്കുന്നതിൽ അധികമായി നമുക്കു പകർന്നു നല്കുന്ന നല്ലവനായ ദൈവത്തെ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം. കർത്താവിന്റെ കൃപകൾക്കായി നമ്മെത്തന്നെ സമർപ്പിക്കാം. സഭയുടെ മക്കൾ എന്ന രീതിയിൽ വിശ്വസ്ഥതയോടുകൂടി സഭയോടു ചേർന്നു നിന്നു വളരുവാൻ നമുക്കു പരിശ്രമിക്കാം.

ഇപ്രകാരമുള്ള ഇടവക സ്ഥാപനത്തെപ്പറ്റി ഏതാനും വർഷം മുൻപു നാം ചിന്തിച്ചിട്ടില്ലായിരുന്നു. എങ്കിൽ, ഈ ഇടവക സ്ഥാപനത്തിലൂടെ ദൈവം നമുക്കു നല്കിയ നന്മകൾ പുതിയ ദൈവാലയങ്ങൾ ആരംഭിക്കുവാൻ പ്രചോദനമായി മാറട്ടെ. ഈ ഇടവക സ്ഥാപിച്ച അവസരത്തിൽ ഞാൻ സൂചിപ്പിച്ചുപോലെ, ഷിക്കാഗോയെ സംബന്ധിച്ചിടത്തോളം ഇത് ഒരു തുടക്കം മാത്രമാണ്. ഇവിടെ തന്നെ ഇനിയും പുതിയ ഇടവക ദൈവാലയങ്ങൾ ഉയർന്നുവരേണ്ടത് അത്യാവശ്യമാണ്. അതിനു നമുക്ക് ഒന്നു ചേർന്നു പരിശ്രമിക്കാം.

നമ്മുടെ സമൂഹത്തിന്റെ വളർച്ച ഇന്നും എക്കാലവും ദൈവകരം പിടിച്ചുകൊണ്ടായിരുന്നു; സഭയിലൂടെ മാതൃസഹജമായ വാത്സല്യം നുകർന്നുകൊണ്ടായിരുന്നു. അതിനു പുറമെ നമുക്കു വളരുവാൻ സാധിച്ചിട്ടില്ല. ഈ സത്യം മനസ്സിലാക്കി ദൈവസ്നേഹത്തിൽ വലിയ ജനമായി സ്നേഹത്തോടെ ജീവിക്കുവാനുള്ള കൃപയ്ക്കായി നമുക്ക് ദൈവാനുഗ്രഹം പ്രത്യേകം പ്രാർത്ഥിക്കാം.

ആരുടെയെങ്കിലും ഹൃദയത്തിൽ അഹങ്കാരത്തിന്റെ അടക്കാനാവാത്ത ഏതെങ്കിലും തരി ഉണ്ടെങ്കിൽ അതു ഉടച്ചു നീക്കി, എല്ലാം എന്റെ ദൈവത്തിന്റെ ദാനമാണ് എന്ന ബോദ്ധ്യത്തോടുകൂടി ദൈവ തിരുമുൻപിൽ ശിരസ്സു നമിച്ചുകൊണ്ട് നമുക്കു വിശുദ്ധ കുർബ്ബാനയിൽ പങ്കു ചേരാം. കാരണം അതാണ് നമ്മെ വളർത്തുന്നത്. ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ ഈ സമൂഹത്തോട് ഈശോ പറയുന്നത് എന്താണ്? നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ; ഞാൻ എളിമയും ശാന്തതയും ഉള്ളവനാണ്. അതുകൊണ്ട് ഈശോയുടെ ഹൃദയത്തിൽനിന്ന് എളിമയുടെയും ശാന്തശീലത്തിന്റെയും സ്വഭാവങ്ങൾ സ്വായത്തമാക്കി നമുക്കു വളരുവാൻ പരിശ്രമിക്കാം.

# Pro-Life Seminar and Exhibition Photos



## Faith Through Catechism

### *High School Level - 1*
### *For 9th & 10th Graders*

***Help Catholic teens live the Great Commandment as they explore the Christian vision of self, God, others, life, and the world.***



*Expert Teachers*
*Adult supervision*
*Combined class*
*Classroom activities*
*Outdoor activities*
*Field Trips*
*and more……………*

***Sundays from 10:00 to 11:20 A.M.***
***Through out the school year***
***Class will begin on Sunday, September 7, 2008***
***Register now !!!!!!!!!!!***

**For more information please contact:**
**Fr. Abraham Mutholath**
**Johnny Thekkeparambil**
**Sabu Mutholam**
**Tomy Kunnasseril**










# SECOND ANNIVERSARY OF MAYWOOD CHURCH

**Holy Mass and Adoration on Friday September 5th at 7:00 P.M.**
**Holy Mass and Rosary on Saturday September 6th at 10:00 A.M.**
**Thanksgiving Mass and Cake Cutting on Sunday September 7th at 10:00 A.M.**
**Reopening of Religious Education Schools**
**Starting of High School Level - 1 Program for 9th and 10th graders.**
**Restarting of Syro-Malabar English Mass on Sundays at 11:30 A.M.**



Burial Service of Mr. Joseph Puthenpurayil. This is first burial held at Knanaya Catholic Parish Cemetery after installing the shrine.

## എം.യു. ജോൺ മേനമറ്റത്തിൽ നിര്യാതനായി



ഉഴവൂർ: പയസ് മൗണ്ട് മേനമറ്റത്തിൽ എം.യു. ജോൺ (ഓനൻകൊച്ച് - 76) നിര്യാതനായി. സംസ്കാരം പയസ്മൌണ്ട് പള്ളിയിൽ. ഭാര്യ: ഇരവിമംഗലം കിഴക്കേവീട്ടിൽ മറിയാമ്മ. മക്കൾ: സണ്ണി, ലിസി (ചിക്കാഗോ), ലില്ലി (സൗദി), ബീന (ഡൽഹി). മരുമക്കൾ: ആനീസ് തത്തംകുളം, ജോബി കുഴിയംപറമ്പിൽ (ചിക്കാഗോ), ജോസ് വെള്ളച്ചാലിൽ (പയസ് മൗണ്ട്), ബിജു മുത്തേടത്ത് (ഡൽഹി).

## REGISTRATION FOR RELIGIOUS EDUCATION SCHOOLS

- Registration for Sacred Heart and St. Mary's Religious Educations Schools of our Parish has started.
- Classes will start on September 7, 2008.
- Fee and Class schedule will as of last year.
- Application form will be available at the church or at the parish website: www.knanayaregion.us/chicago.
- Parents of all new and ongoing students shall fill up the form and submit it along with registration fees.
- Application form and fee can also be mailed in the parish address given in the application form.

## ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ





by ജോയി & ജെസ്സി മുതുകാട്ടിൽ

| SUNDAY OFFERINGS | August 10 |
|---|---|
| **St. Mary's Unit at OLV** | **148.00** |
| S.H. Church Mass offering | |
| Building Fund / Manikilukkam (partial) | |
| Food Service (Orland Park) | |
| Second Collection for Miao St. Mary's Church | |
| Agape Stall for Charity | 67.00 |
| **TOTAL AT SACRED HEART** | |
| **Thank You for Your Support** | |



## Ushers at Sacred Heart

| August 17 | August 24 |
|---|---|
| Aniena Mukalel | Abeena Karikkal |
| Sindu Mukalel | Nirmal Maniparambil |
| Vinitha Padinjath | Soumya Kulathilkarottu |
| Nirmal Maniparambil | Kichu Maliackalthara |
| Abin Kulathilkarottu | Jeffin Chakkalakal |
| Johnson Paikkattu | Leo Mundaplackal |

## READERS / LECTORS ഏലിയാ ശ്ലീവാ മോശ കാലങ്ങൾ

| August 17 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
|---|---|---|---|
| 1st Reading | Isaiah 56:1, 6-7 | Chinnamma Njaravelil | Justeena Edakkara |
| 2nd Reading | Romans 11:13-15, 29-32 | Femia Puthenpurayil | Johnykutty Pillaveettil |
| August 24 | | | |
| 1st Reading | Isaiah 22:19-23 | Mathew Idiyalil | Angela Appozhiparampil |
| 2nd Reading | Romans 11:33-36 | Jith John | Tezen Panayaparampil |



## കൂടാരയോഗ വാർഷിക ക്യാമ്പ്

**At Indiana Beach Amusement Resort**
**5224 E. Indiana Beach Rd., Monticello, IN 47960**
Fun rides for all especially our youth and children.
**Time: Friday August 29th evening to Sunday 31st morning.**

നമ്മുടെ പള്ളിയിൽ നിന്ന് 126 മൈൽ.
പ്രവേശനം ഇടവകയുടെ കൂടാരയോഗത്തിൽ പങ്കെടുക്കുന്നവർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.
വിശദ വിവരങ്ങൾക്കും കൂടാരങ്ങൾ റിസേർവ് ചെയ്യുവാനും സണ്ണി ഇണ്ടിക്കുഴിയോ മത്തിയാസ് പുല്ലാപ്പള്ളിയുമോ ആയി ബന്ധപ്പെടുക.

SPACE AVAILABLE
FOR YOUR
ADVERTISEMENT

Best compliments from The Mutholath Family

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**Professional with 11 years experience in catering.**

Call **WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail: malabarcat@yahoo.com

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

**COMPUTER SERVICE & SUPPORT**
***Home/Office service & Network***
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmalakuzhy@gmail.com
***MS Certified since 1997***

*We put our money where our mouth is*



Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
ക്രെഡിറ്റ് ഇല്ലേ ... സാരമില്ലാ
ക്രെഡിറ്റ് മോശം ... സാരമില്ലാ
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

